**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 480. 19.03.2013 ൽ മറുപടിയ്ക്ക്

## ഉയർന്ന യാത്രാനിരക്ക്

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) മൂന്നാർ-ഉടുമൽപ്പേട്ട റൂട്ടിൽ സർവീസ് നടത്തുന്ന സരസ്വതി എന്ന തമിഴ്നാട് സ്വകാര്യ ബസ് യാത്രക്കാരോട് അനുവദനീയമായതിലും ഉയർന്ന യാത്രാ നിരക്ക് ഈടാക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് ഇടുക്കി കളക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ടോ; പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം നൽകുമോ ; | (ബി) | ഇടുക്കി ആർ.ടി.ഒ.യിൽ ലഭിച്ച പരാതിയിന്മേൽ വിശദമായ അന്വേഷണം നേരിട്ട് നടത്തുകയും കേരളത്തിൽ കേരളാ ഗവണ്മെന്റ് അംഗീകരിച്ച ചാർജ്ജ് മാത്രമേ വാങ്ങാവൂ എന്ന കർശന നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) സരസ്വതി ബസ്സ് ജീവനക്കാർ യാത്രക്കാരോട് അപമര്യാദയായി പെരുമാറുന്നു എന്ന പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (സി) | പരാതി ലഭിച്ചിട്ടില്ല. |
| (ഡി) മേൽ പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.